# കേരള സർവകലാശാല

നം.പി.ആർ.168/2019

ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

2019 ജൂണിൽ നടത്തിയ എം.കോം, എം.എസ്.സി ഫിസിക്സ് 2017 – 2019 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

2019 ഏപ്രിലിൽ നടത്തിയ എം.പി.ഇ പ്രീവിയസ്, ഫൈനൽ ഡിഗ്രി പരീക്ഷാഫലം വെബ്സൈറ്റിൽ.

2018 ജൂലൈയിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് (വിദൂര വിദ്യാഭ്യാസം) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 14 വരെ അപേക്ഷിക്കാം.

2019 മേയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 13 വരെ അപേക്ഷിക്കാം.

2019 മാർച്ചിൽ നടത്തിയ ഒന്ന്, മൂന്ന് സെമസ്റ്റർ (പഞ്ചവത്സരം) (2011 – 12 അഡ്മിഷന് മുൻപുള്ളത്) എൽ.എൽ.ബി പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 16 വരെ അപേക്ഷിക്കാം.

## അസൈൻമെന്റ്/കേസ് അനാലിസിസ്

വിദൂര വിദ്യാഭ്യാസ വിഭാഗം മൂന്നും നാലും സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.സി.എ അസൈൻമെന്റ്/കേസ് അനാലിസിസ് ആഗസ്റ്റ് 5, 6 തീയതികളിലും ബി.കോം ആഗസ്റ്റ് 7, 8 തീയതികളിലും എം.എ/എം.എസ്.സി/എം.കോം ആഗസ്റ്റ് 12, 13 തീയതികളിലും ഒന്നും രണ്ടും സെമസ്റ്റർ ബി.എ/ബി.എസ്.സി/ബി.സി.എ/ബി.എൽ.ഐ.സി അസൈൻമെന്റ്/കേസ് അനാലിസിസ് ആഗസ്റ്റ് 19, 20 തീയതികളിലും ബി.കോം/ബി.ബി.എ ആഗസ്റ്റ് 21, 22 തീയതികളിലും എം.എ/എം.എസ്.സി/എം.എൽ.ഐ.എസ്.സി ആഗസ്റ്റ് 26, 27 തീയതികളിലും എം.കോം ആഗസ്റ്റ് 29, 30 തീയതികളിലും എം.ബി.എ ഒന്നാം സെമസ്റ്റർ ജൂലൈ 30 നും അതാത് കോഴ്സ് കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് www.ideku.net എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## ലാബ് പരീക്ഷ

അഞ്ചാം സെമസ്റ്റർ ബി.ടെക് (2008 & 2013 സ്കീം) ഏപ്രിൽ 2019 (സപ്ലിമെന്ററി) മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് ലാബ് പരീക്ഷകൾ 2019 അഗസ്റ്റ് 06, 09 തീയതികളിൽ നടക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ഓൺലൈൻ രജിസ്ട്രേഷൻ

2019 സെപ്റ്റംബറിൽ ആരംഭിക്കുന്ന മൂന്നും നാലും സെമസ്റ്റർ ബി.കോം എസ്.ഡി.ഇ (2017 അഡ്മിഷൻ) പരീക്ഷയ്ക്ക് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാനുള്ള പുതുക്കിയ തീയതികളുടേയും ബി.കോം ആന്വൽ സ്കീം (പ്രൈവറ്റ്) സപ്ലിമെന്ററി (സെപ്റ്റംബർ 2019) പരീക്ഷയ്ക്ക് 125 രൂപ പിഴയോടെ ആഗസ്റ്റ് 6, 7 തീയതികളിൽ ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാനുള്ള പുതുക്കിയ തീയതികളുടേയും വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുതുക്കിയ തീയതി

വിദൂര വിദ്യാഭ്യാസ വിഭാഗം ആഗസ്റ്റ് 19 ൽ നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നും നാലും സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ (എസ്.ഡി.ഇ, 2017 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴ കൂടാതെ ഫീസടയ്ക്കുന്നതിന് ആഗസ്റ്റ് 1 ൽ നിന്നും ആഗസ്റ്റ് 6 ലേയ്ക്കും 150 രൂപ പിഴയോടെ ഫീസടയ്ക്കുന്നതിന് ആഗസ്റ്റ് 5 ൽ നിന്നും 9 ലേയ്ക്കും 400 രൂപ പിഴയോടെ ഫീസടയ്ക്കുന്നതിന് ആഗസ്റ്റ് 7 ൽ നിന്നും 13 ലേയ്ക്കും പുതുക്കി നിശ്ചയിച്ചിരിക്കുന്നു.

## സ്പോട്ട് അഡ്മിഷൻ

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ഒന്നാം വർഷ ബി.ടെക് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള (ഇ.സി, സി.എസ്, ഐ.ടി ബ്രാഞ്ചുകൾ) സ്പോട്ട് അഡ്മിഷൻ ആഗസ്റ്റ് 5, 6, 7 തീയതികളിൽ രാവിലെ 10 മണി മുതൽ കോളേജിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക്: 9037119776

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2019
## പുതിയ കോഴ്സുകൾക്ക് അഡ്മിഷൻ കേരള സർവകലാശാല സെനറ്റ് ഹാളിൽ
## 05.08.2019 – ന്

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജായ മാർ ഗ്രിഗോറിയസ് കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ്, പുന്നപ്ര, ആലപ്പുഴ – എം.കോം. 20 സീറ്റും എയ്ഡഡ് കോളേജായ എം.എസ്.എം കോളേജ്, കായംകുളം – എം.എ. മലയാളം 20 സീറ്റും അനുവദിച്ചിരിക്കുന്നു. മേൽ പറഞ്ഞ കോഴ്സുകളുടെ മെറിറ്റ് സീറ്റുകളിലേയ്ക്ക് സർവകലാശാല സെനറ്റ് ഹാളിൽ വച്ച് 05.08.2019 – ന് അഡ്മിഷൻ നടത്തുന്നു. 05.08.2019 – ന് രാവിലെ 11 മണി വരെ ഹാജരാകുന്നവരിൽ നിന്നും റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രവേശനം നടത്തുന്നതാണ്. വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റ്, ഫീസ്, നിലവിൽ ഓൺലൈൻ രജിസ്ട്രേഷൻ ഉള്ളവർ അതിന്റെ ഏറ്റവും പുതിയ പ്രിന്റൗട്ട് എന്നിവ കൊണ്ടു വരേണ്ടതാണ്. എസ്.സി/എസ്.ടി, മറ്റു സംവരണ സീറ്റുകളിൽ പരിഗണിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ ജാതി തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ സമയം അനുവദിക്കുന്നതല്ല.

എം.എസ്.എം കോളേജ്, കായംകുളം – എം.എ. മലയാളം കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കും അന്നേ ദിവസം പ്രവേശനം നടത്തുന്നതാണ്. നിലവിൽ രജിസ്ട്രേഷൻ ഇല്ലാത്തവർ അഡ്മിഷന് വരുമ്പോൾ (https://admissions.keralauniversity.ac.in/pg2019/) എന്ന വെബ്സൈറ്റിലെ മാനേജ്മെന്റ് ക്വാട്ട രജിസ്ട്രേഷൻ പൂർത്തിയാക്കി ഓൺലൈൻ പ്രിന്റൗട്ട് കൊണ്ടുവരേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് (ജനറൽ/ എസ്.ഇ.ബി.സി. വിഭാഗങ്ങൾക്ക് 1040/- രൂപയും എസ്.സി./ എസ്.ടി. വിഭാഗങ്ങൾക്ക് 310/- രൂപയും) കൈയിൽ കരുതേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. പ്രവേശന ഫീസ് മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ ഈ തുക വീണ്ടും ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ഒന്നാം വർഷ ബിരുദ പ്രവേശനം – 2019
## എസ്.സി./എസ്.ടി. സീറ്റുകളിൽ സ്പോട്ട് അലോട്ട്മെന്റ്

2019–20–ലെ ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകളിലേയ്ക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. തിരുവനന്തപുരം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ സർവകലാശാല സെനറ്റ് ഹാളിൽ ആഗസ്റ്റ് 07 നും കൊല്ലം മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ കൊല്ലം എസ്.എൻ കോളേജിൽ ആഗസ്റ്റ് 08 നും ഹാജരാകേണ്ടതാണ്. അടൂർ മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ അടൂർ സെന്റ് സിറിൾസ് കോളേജിൽ ആഗസ്റ്റ് 08 നും ആലപ്പുഴ മേഖലയിലുള്ള കോളേജുകളിൽ ഓപ്ഷൻ നൽകിയിട്ടുള്ള വിദ്യാർത്ഥികൾ ആലപ്പുഴ എസ്.ഡി.കോളേജിൽ ആഗസ്റ്റ് 09 നും ഹാജരാകേണ്ടതാണ്.

രാവിലെ 9 മണി മുതൽ 11 മണി വരെ എസ്.സി./എസ്.ടി. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി റിപ്പോർട്ട് ചെയ്യണം. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും.

രജിസ്ട്രേഷൻ സമയത്ത് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നടക്കുക. ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാവരേയും പരിഗണിച്ച തിന് ശേഷം മാത്രമേ അലോട്ട്മെന്റിൽ പരിഗണിക്കുകയുള്ളൂ.

അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് (940/- രൂപ) കൈയിൽ കരുതേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുക യാണെങ്കിൽ രജിസ്ട്രേഷൻ ഫീസായ 220/- രൂപയും ഒടുക്കേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്. പ്രവേശന ഫീസായ 940/- രൂപ മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ വീണ്ടും ഈ തുക ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ

**രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്. സ്പോട്ട് അലോട്ട്മെന്റിനായി സർവകലാശാലയിലേയ്ക്ക് അപേക്ഷകൾ ഒന്നും തന്നെ അയയ്ക്കേണ്ടതില്ല.**

**<u>പ്രത്യേക കുറിപ്പ്</u>:** എല്ലാ പ്രധാന പത്രങ്ങളുടേയും എല്ലാ എഡിഷനുകളിലും 2019 ആഗസ്റ്റ് 04, 05, 06 എന്നീ തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്.

**03-08-2019**



**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്)**

**e-mail:** **ku.release@gmail.com** **website:** **www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**